**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5547** **24-03-2025 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി കുടിശിക നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. ടി. സിദ്ദിഖ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി സർക്കാർ, സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ള കുടിശിക അടിയന്തരമായി നൽകി പ്രതിസന്ധിക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | കുടിശ്ശിക തുക ഘട്ടം ഘട്ടമായി നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | സർക്കാർ ആശുപത്രികളിൽ അടക്കം കാരുണ്യ ചികിത്സാ പദ്ധതി വഴി രോഗികൾക്ക് നൽകിവരുന്ന തുക നിജപ്പെടുത്തുന്ന സാഹചര്യം നിലവിലുണ്ടോ; വിശദമാക്കുമോ? | (ബി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പണരഹിതമായാണ് സംസ്ഥാനത്തു സർക്കാർ നടപ്പിലാക്കി വരുന്നത്. ഈ രീതിയിൽ ഗുണഭോക്താവിന് 'ചികിത്സ' എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികൾ പദ്ധതി പ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ള പാക്കേജുകൾ അനുസരിച്ച് നൽകുകയും തുടർന്ന് നിർദിഷ്ട മാർഗ്ഗത്തിൽ ഈ ക്ലെയിമുകൾ ആശുപത്രി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയ്ക്ക് സമർപ്പിക്കുകയും ഇവ ഉചിതമായ മൂല്യ നിർണയത്തിനു ശേഷം ക്ലെയിം തുക ആശുപത്രിയ്ക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. ഈ പദ്ധതി വഴി ഗുണഭോക്താവിന് നേരിട്ട് തുക നൽകുന്നതിനുള്ള സംവിധാനം നിലവിലില്ല. |

സെക്ഷൻ ഓഫീസർ